**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 567** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>പഴയ 11 കെ.വി. ലൈനുകൾ നീക്കം ചെയ്യാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സജി ചെറിയാൻ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ 11 കെ.വി. ലൈനുകൾ പുതിയതായി വിന്യസിച്ച സ്ഥലങ്ങളിൽ പഴയ 11 കെ.വി. ലൈനുകൾ നീക്കം ചെയ്യുവാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ഉണ്ട് .

**(ബി)** ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ 11 കെ.വി. ലൈനുകൾ പുതിയതായി വിന്യസിച്ച ഇടങ്ങളിലെ പഴയ 11 കെ.വി. ലൈനുകൾ നീക്കം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ചില സ്ഥലങ്ങളിൽ പുതിയ 11 കെ.വി. ലൈനുകൾ വിന്യസിച്ചതിനെ തുടർന്ന് പഴയ 11 കെ.വി. ലൈനുകൾ അഴിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മാന്നാർ സെക്ഷന്റെ പരിധിയിലെ ശക്തികുളങ്ങര, ചിറകുഴി പ്രദേശങ്ങളിലെ പഴയ 11 കെ.വി. ലൈനുകൾ അഴിച്ചുമാറ്റുന്നതിനുള്ള പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ട്. വെള്ളക്കെട്ട് മാറിയ ശേഷം പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. ചെങ്ങന്നൂർ സബ്സ്റ്റേഷൻ-മുണ്ടുപാലം ഭാഗത്തെ പഴയ 11 കെ.വി. ലൈൻ അഴിച്ചുമാറ്റുന്നതിനുള്ള ലൈൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. തുടർ നടപടികൾ പുരോഗമിച്ചു വരുന്നു.

**(സി)** പ്രസ്തുത പഴയ ലൈനുകൾ അടിയന്തരമായി നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ചില സ്ഥലങ്ങളിൽ പുതിയ 11 കെ.വി. ലൈനുകൾ വിന്യസിച്ചതിനെ തുടർന്ന് പഴയ 11 കെ.വി. ലൈനുകൾ അഴിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മാന്നാർ സെക്ഷന്റെ പരിധിയിലെ ശക്തികുളങ്ങര, ചിറകുഴി പ്രദേശങ്ങളിലെ പഴയ 11 കെ.വി. ലൈനുകൾ അഴിച്ചുമാറ്റുന്നതിനുള്ള പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ട്. വെള്ളക്കെട്ട് മാറിയ ശേഷം പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. ചെങ്ങന്നൂർ സബ്സ്റ്റേഷൻ-മുണ്ടുപാലം ഭാഗത്തെ പഴയ 11 കെ.വി. ലൈൻ അഴിച്ചുമാറ്റുന്നതിനുള്ള ലൈൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. തുടർ നടപടികൾ പുരോഗമിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**